**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.216 — 02.03.2020 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വിവരം ലഭ്യമാക്കുമോ? | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങളേയും രണ്ടാം ഘട്ടത്തിൽ കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി, മണ്ണൂർ,കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുള്ളതാണ്.<br>ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ പ്രവർത്തന പുരോഗതി ചുവടെ വിവരിക്കുന്നു. |

| ക്രമ നം. | സ്ഥാപനം | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | പി.എച്ച്.സി. കാഞ്ഞിരപ്പുഴ | 80% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. ലാബ് വെയിറ്റിംഗ് ഏരിയ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | പി.എച്ച്.സി. കാരാകുറിശ്ശി | 26% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. വെയിറ്റിംഗ് ഏരിയയുടെ വർക്ക് പുരോഗമിക്കുന്നു. |
| 3 | പി.എച്ച്.സി. മണ്ണൂർ | 60% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. ട്രസ്സ് വർക്ക്, പെയിന്റിംഗ് കഴിഞ്ഞിട്ടുണ്ട്. ലാബ് വർക്ക് നടന്നു വരുന്നു. |
| 4 | പി.എച്ച്.സി., കേരളശ്ശേരി | 40% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. വെയിറ്റിംഗ് ഏരിയ, ട്രസ്സ് വർക്ക് പുരോഗമിക്കുന്നു. ഇലക്ട്രിഫിക്കേഷൻ വർക്ക് പുരോഗമിക്കുന്നു. |

| | |
|---|---|
| | രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത മേൽ സൂചിപ്പിച്ച 4 സ്ഥാപനങ്ങളിലും ഓരോ അസിസ്റ്റന്റ് സർജൻ, കാഞ്ഞിരപ്പുഴ, മണ്ണൂർ, കേരളശ്ശേരി പി.എച്ച്.സി.കളിൽ ഓരോ സ്റ്റാഫ് നേഴ്സ്, കാരാകുറിശ്ശി പി.എച്ച്.സി.യിൽ 2 സ്റ്റാഫ് നേഴ്സ്, കേരളശ്ശേരി പി.എച്ച്.സി.യിൽ ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

Hari
സെക്ഷൻ ഓഫീസർ